**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : **4506** — **22.07.2015**-ൽ മറുപടിക്ക്.

## ഫാസ്റ്റ്ട്രാക്ക് കോൾസെന്ററുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഫാസ്റ്റ് ട്രാക്ക് കോൾസെന്ററുകൾ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ടെന്നും ഇത് ഏതെല്ലാം സ്ഥലങ്ങളിലാണെന്നും വ്യക്തമാക്കാമോ;<br><br>(ബി) എത്ര വീതം പോലീസ് ഉദ്യോഗസ്ഥരാണ് ഓരോ സെന്ററിലുമുള്ളത്; പ്രസ്തുത സെന്ററുകൾ വഴി സ്ത്രീകൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നത്; | : (എ)യും (ബി)യും)<br>വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിനും മറ്റുമായി ജി.ഒ (എം.എസ്) 165/2013/ആഭ്യന്തരം തീയതി 02.07.2013 പ്രകാരം തിരുവനന്തപുരം സിറ്റി, കോഴിക്കോട് സിറ്റി, കോട്ടയം എന്നിവിടങ്ങളിൽ കിക്ക് ആക്ഷൻ ടീം & കാൾ സെന്ററുകൾ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്/സീനിയർ സിവിൽ പോലീസ് ഓഫീസർമാർ -2, സിവിൽ പോലീസ് ഓഫീസർമാർ-3, വുമൺ സിവിൽ പോലീസ് ഓഫീസർമാർ -2 എന്നീക്രമത്തിലുള്ള അംഗബലം മേൽപ്പറഞ്ഞ ഓരോ കിക്ക് ആക്ഷൻ ടീമുകൾക്കും അനുവദിച്ചിട്ടുണ്ട്. സ്ത്രീകളുടെ Distress Callന് ഉടനടി സഹായമെത്തിക്കുക എന്നതാണ് കാൾ സെന്ററുകൾകൊണ്ടുള്ള പ്രധാന സേവനം. |
| (സി) ഇതുവരെ സേവനങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള എത്ര കോളുകൾ വീതം ഓരോ കോൾസെന്ററുകളിലും വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | : (സി) പ്രസ്തുത കോൾ സെന്ററുകൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ